**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4554** **19-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 13.04.2022 ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ടിനായി എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; എങ്കിൽ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ടിനായി എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകുന്നതാണ്. |
| (സി) | മേൽ പരാമർശിച്ച സ്ഥലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് വേണ്ടി വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ പരാമർശിച്ചിട്ടുള്ള ഏകദേശം 63 സെന്റോളം വരുന്ന പാടശേഖരത്തിൽ ജലസേചനത്തിനുതകുന്ന വെള്ളാരപ്പിള്ളി ചാൽ കാട്ടുകയറിയും, മണ്ണിടിഞ്ഞും ഉപയോഗ യോഗ്യമല്ലാതായിരിക്കുകയാണ്. ഏകദേശം 800 മീറ്റർ ഡ്രെയിനേജ് തോടുകൾ നിർമ്മിക്കുന്നതിനും വെള്ളാരപ്പിള്ളി ചാൽ കെട്ടിസംരക്ഷിക്കുന്നതിനും കൃഷിയ്ക്ക് യന്ത്രങ്ങൾ പാടത്ത് ഇറക്കുന്നതിനാവശ്യമായ റാമ്പുകൾ നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ചും തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ